## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 171 — 01.02.2018 — ൽ മറുപടിക്ക്

## റേഷൻ വിതരണവുമായി ബന്ധപ്പെട്ട ചെലവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. എൽദോ എബ്രഹാം**<br>**ശ്രീമതി. ഇ.എസ്.ബിജിമോൾ**<br>**,, ഗീതാ ഗോപി**<br>**ശ്രീ. ടൈസൺ മാസ്റ്റർ :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) | റേഷൻ കടകൾ വഴി ആട്ടയ്ക്ക് പുറമേ പുട്ടുപൊടി, റവ, വെളിച്ചെണ്ണ, പയർവർഗ്ഗങ്ങൾ തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | 26.12.17 ലെ ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം റേഷൻ കടകൾ വഴി ആട്ടയ്ക്ക് പുറമേ അരിപ്പൊടി, മൈദ എന്നിവ വിതരണം ചെയ്യുന്നത് സംബന്ധിച്ച ശുപാർശ സമർപ്പിക്കുന്നതിന് സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | റേഷൻ ധാന്യ ഗതാഗതത്തിനും ഇടക്കാല ഗോഡൗണുകൾക്കുമായുള്ള സപ്ലൈകോയുടെ ചെലവ് വ്യക്തമാക്കുമോ; | (ബി) | റേഷൻ ധാന്യ ഗതാഗതത്തിനും ഇടക്കാല ഗോഡൗണുകൾക്കുമായി പ്രതിമാസം ശരാശരി 18.33 കോടി രൂപ ചെലവ് വരുന്നുണ്ട്. |
| (സി) | വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോ നിയമിച്ച സ്വകാര്യ കരാറുകാർക്കെതിരെ ധാന്യം മറിച്ച് കടത്തിയതായി ആരോപിച്ച് കേസെടുത്തിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | റേഷൻ വിതരണത്തിനായി കമ്മീഷൻ ഇനത്തിൽ സംസ്ഥാനം ചെലവഴിക്കുന്ന തുകയുടെ വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | റേഷൻ വിതരണത്തോടനുബന്ധിച്ചുള്ള കമ്മീഷൻ ഇനത്തിൽ സംസ്ഥാനം ചെലവാക്കുന്ന തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>കൂടാതെ സംസ്ഥാനത്തുള്ള എല്ലാ റേഷൻകടകളിലും ഇ-പോസ് സംവിധാനം നിലവിൽ വരുമ്പോൾ ക്വിന്റലിന് 220/- രൂപ നിരക്കിൽ കമ്മീഷൻ അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ഇനത്തിൽ പ്രതിമാസം 349.49 കോടി രൂപ ചെലവാകുന്നതാണ്. |

*സെക്ഷൻ ഓഫീസർ*

# അനുബന്ധം

| സാമ്പത്തിക വർഷം | എ.പി.എൽ/ബി.പി.എൽ വെൽഫയർ കമ്മീഷൻ | എ.എ.വൈ. കമ്മീഷൻ | അന്നപൂർണ്ണ കമ്മീഷൻ | ആകെ |
|---|---|---|---|---|
| 2014-15 | 455104346 | 199845904 | 981028 | 655931278 |
| 2015-16 | 629998227 | 140278269 | 759195 | 771035691 |
| 2016-17 | 799437673 | 297735197 | 1135785 | 1098308655 |
| 2017-18 | 1306618469 | 217211952 | 463310 | 1524293731 |
| **ആകെ** | **3191158715** | **855071322** | **3339318** | **4049569355** |

## ആട്ട വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 26.12.17-ന് ബഹു. ഭക്ഷ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗനടപടികൾ 11.20 ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ആട്ട വിതരണത്തിൽ നിലവിലെ പ്രതിസന്ധികൾ സംബന്ധിച്ച് ബഹു. ഭക്ഷ്യ വകുപ്പ് മന്ത്രി യോഗം അഭിസംബോധന ചെയ്ത് സംസാരിച്ചു. 2017 ഡിസംബർ മാസത്തിൽ ക്രിസ്തുമസ് പ്രമാണിച്ച് 5 കി.ഗ്രാം ആട്ട വീതം വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നെങ്കിലും പ്രതീക്ഷിച്ച പ്രയോജനം കണ്ടെത്താൻ കഴിയാത്തതിനാൽ പുതുവർഷം പ്രമാണിച്ച് 5 കി.ഗ്രാം ആട്ട വീതം വിതരണം ചെയ്ത് ആട്ടയുടെ നിലവിലെ സ്റ്റോക്ക് തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകി.

ഓരോ കടയുടേയും ആവശ്യാർത്ഥം ആട്ട വിതരണം ചെയ്യേണ്ടതാണെന്നും മില്ലുകളിൽ നിന്ന് നേരിട്ട് ആട്ട രണ്ട് തവണകളായി ലഭ്യമാക്കേണ്ടതാണെന്നും റേഷൻ വ്യാപാര പ്രതിനിധികൾ ഒന്നടങ്കം ആവശ്യപ്പെട്ടു. ഇപ്രകാരം മില്ലുകളിൽ നിന്ന് നേരിട്ട് ആട്ട ലഭ്യമാക്കുന്നതോടെ പായ്ക്കറ്റ് പൊട്ടുക, കാലാവധി കഴിയാറായ ആട്ട ലഭ്യമാക്കുക തുടങ്ങിയ പലവിധ പ്രശ്നങ്ങൾ പരിഹരിയ്ക്കപ്പെടുന്നതാണെന്നും റേഷൻ വ്യാപാര പ്രതിനിധികൾ ബഹു. മന്ത്രിയെ അറിയിച്ചു.

ആട്ട ചാക്കുകളിൽ ഭാരനഷ്ടം ഉണ്ടാകുന്നതിനാൽ ഒരു ചാക്കിന് 30/- രൂപ നിരക്കിൽ വ്യാപാരിക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനായി ആട്ട വിറ്റതിനു ശേഷം പണമടയ്ക്കുന്നതിനുള്ള സൗകര്യം അനുവദിക്കണമെന്നും സംഘടനാംഗങ്ങൾ ആവശ്യപ്പെട്ടു. ചെലവാകാതെ വരുന്ന ആട്ട തിരിച്ചെടുക്കുന്നത് സംബന്ധിച്ചും കാലാവധി കഴിഞ്ഞ ആട്ട സംബന്ധിച്ചും ആട്ട വിതരണത്തിൽ വ്യാപാരിക്ക് നൽകുന്ന കമ്മീഷൻ തുക ഉയർത്തുന്നതു സംബന്ധിച്ചും സർക്കാരിന്റെ ഭാഗത്തു നിന്നും അനുകൂല തീരുമാനമുണ്ടാകേണ്ടതാണെന്നും വ്യാപാരികൾ ആവശ്യപ്പെട്ടു.

പൊതുവിപണിയിൽ നിന്ന് ഉയർന്ന വില കൊടുത്ത് വാങ്ങുന്ന ആട്ടയേക്കാൾ ഗുണനിലവാരമുള്ള ആട്ട, തുച്ഛമായ വിലയ്ക്ക് റേഷൻ കടകൾ വഴി വിതരണം നടത്തിയിട്ടും ചെലവാകാതെ വരുന്നത് റേഷൻ വ്യാപാരികളുടെ നിരുത്സാഹപരമായ സമീപനം കൊണ്ടാണെന്നും സാധനങ്ങൾ ന്യായവിലയിൽ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനുള്ള ഉപാധിയാണ് റേഷൻ കടകളെന്നും ബഹു. മന്ത്രി അഭിപ്രായപ്പെട്ടു.

എഫ്.സി.ഐ.യിൽ നിന്നും സാധനങ്ങൾ ലഭ്യമാകുന്നതിന് മുൻകൂറായി പണമടച്ചിരുന്ന രീതി നിലവിലും തുടരാവുന്നതാണെന്നും ഇ-പോസ് മെഷീൻ സ്ഥാപിച്ച് വ്യാപാരികളുടെ വേതന പാക്കേജ് നിലവിൽ വരുന്നതോടെ ആട്ട വിതരണത്തിലെ കമ്മീഷൻ കിലോയ്ക്ക് 75 പൈസ എന്ന നിരക്കിൽ നിന്നും മാറ്റം വരുമെന്നതിനാൽ കമ്മീഷനെക്കുറിച്ച് ആശങ്കപ്പെടേണ്ടതില്ലെന്നും ബഹു. മന്ത്രി അറിയിച്ചു.

ആട്ട വിതരണം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാരിന്റെയും വ്യാപാരികളുടെയും പരസ്പരം സഹകരണത്തോടെയുള്ള പ്രവർത്തനം ആവശ്യമാണെന്നും ആട്ടയ്ക്ക് പുറമേ മറ്റ് ഉപോത്പന്നങ്ങളായ റവ, മൈദ തുടങ്ങിയവയുടെ വിതരണം കൂടി റേഷൻ കടകളിലൂടെ നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ മില്ലുടമകളുമായി ചർച്ച ചെയ്ത് തീരുമാനത്തിലെത്തുന്നതാണെന്നും ബഹു. അദ്ധ്യക്ഷൻ അറിയിച്ചു.

കാലാവധി കഴിയാത്തതും എന്നാൽ പായ്ക്കറ്റ് പൊട്ടിപ്പോകുന്നതുമായ ആട്ട മാറ്റികൊടുക്കുന്ന രീതി നിലവിലും തുടരുന്നുണ്ടെന്നും മില്ലുകളിൽ നിന്ന് ആട്ട നേരിട്ട് റേഷൻകടകളിലെത്തിക്കുന്നതിന് ചില സാങ്കേതിക തടസ്സങ്ങളുണ്ടെങ്കിലും അതിനെക്കുറിച്ച് സമഗ്രമായി പഠിച്ച് പ്രാവർത്തികമാക്കുന്നതിന് സർക്കാർ സഹകരണത്തോടെ ശ്രമിക്കുന്നതാണെന്നും അംഗീകൃത മില്ലുടമകൾ ബഹു. അദ്ധ്യക്ഷനെ അറിയിച്ചു.

## തീരുമാനങ്ങൾ

1. പുതുവർഷം പ്രമാണിച്ച് ഓരോ കാർഡുടമയ്ക്കും 5 കി.ഗ്രാം ആട്ട വീതം വിതരണം നടത്തി ജനുവരി 30 ഓടെ നിലവിലുള്ള ആട്ടയുടെ സ്റ്റോക്ക് തീർക്കേണ്ടതാണ്.
2. ആട്ട മില്ലുകളിൽ നിന്ന് നേരിട്ട് കടകളിലെത്തിക്കുന്ന കാര്യം മില്ലുടമകളുമായി ചർച്ച ചെയ്ത് തീരുമാനിക്കും.
3. ആട്ടയ്ക്ക് പുറമേ റവ, അരിപ്പൊടി, മൈദ എന്നിവ സംബന്ധിച്ച് ഒരു പ്രൊപ്പോസൽ സപ്ലൈക്കോ തയ്യാറാക്കി നൽകുക.

കേരള സർക്കാർ
ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

നം. 1986615/ബി3/17/-ഭ.സി.സ.വ

തിരുവനന്തപുരം
തീയതി. 19.01.18

സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ,
സപ്ലൈകോ, കൊച്ചി

സർ,

വിഷയം :- ഭ.പൊ.വി.വ-ആട്ടയ്ക്ക് പുറമേ റവ, മൈദ തുടങ്ങിയ ഉൽപന്നങ്ങൾ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നത് - സംബന്ധിച്ച്

സൂചന :- 26.12.17-ന് ബഹു. ഭക്ഷ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരമുള്ള യോഗതീരുമാനത്തിനനുസരണമായി റേഷൻ കടകൾ വഴി ആട്ടയ്ക്ക് പുറമേ റവ, അരിപ്പൊടി, മൈദ എന്നിവ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഒരു പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
മണിലാൽ ബി.എസ്
ഡെപ്യൂട്ടി സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ